## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 336 — 06.01.2014-ൽ മറുപടിക്ക്

### മൂവട്ടി ആദിവാസി കോളനിയുടെ ശോച്യാവസ്ഥ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | കുമാരി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| | ചോദ്യം | | ഉത്തരം |
| (എ) | കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പൊഴുതന ഗ്രാമപഞ്ചായത്തിൽപ്പെട്ട മൂവട്ടി ആദിവാസി കോളനിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മൂവട്ടി പട്ടിക വർഗ്ഗ സങ്കേതത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. വൈത്തിരി താലൂക്കിലെ പൊഴുതന ഗ്രാമപഞ്ചായത്തിൽപ്പെട്ട മൂവട്ടി സെറ്റിൽമെന്റിൽ 75 സെന്റ് സ്ഥലത്ത് 22 വീടുകളിലായി 31 പട്ടിക വർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നു. സങ്കേതത്തി ലൂടെയുള്ള റോഡ് നിലവിൽ യാത്രായോഗ്യമല്ല. ആയത് ഗതാഗത യോഗ്യമാക്കുന്നതിന് 2013-14 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽ നിന്ന് 14,35,000/- രൂപ അനുവദിച്ചിട്ടുണ്ട്. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് 2012-13 വർഷത്തിൽ റ്റി.എസ്.പി ഫണ്ടിൽ ഉൾപ്പെടുത്തി കിണർ നിർമ്മിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളനിയിൽ ആരംഭിച്ച ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിന് കാരണം വ്യക്തമാക്കുമോ; | (ബി) | മൂവട്ടി സങ്കേതത്തിൽ 75,000/- രൂപ നിരക്കിൽ ജില്ലാപഞ്ചായത്ത് അനുവദിച്ച് കുടുംബശ്രീയെ ഏൽപ്പിച്ച 7 വീടുകൾ തറമട്ടത്തിൽ നിൽക്കുന്ന അവസ്ഥയിലാണ്. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചതിനാൽ ടി വീട് പണി പൂർത്തീകരി ക്കുവാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടില്ല. വർഷങ്ങ ൾക്കുമുമ്പ് നിർമ്മിച്ച തറ ഉപയോഗപ്പെടുത്തി വീടു പണി പൂർത്തീകരിക്കാനാകില്ല.<br>അതിനാൽ ടി സങ്കേതത്തിലെ ഭവന രഹിതരായ 9 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നടപ്പു വർഷം പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കു മോ? | (സി) | പ്രസ്തുത കോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കു ന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ